LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഐ.ടി.ഐ.കളുടെ നിലവാരമുയർത്തൽ പദ്ധതി അനുസരിച്ച് ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് 2009-10 സാമ്പത്തിക വർഷം 2.5 കോടി രൂപ പലിശരഹിത വായ്പയായി കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സ്ഥാപനത്തിലെ ഐ.എം.സി. അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ ഐ.ടി.ഐ.-യിൽ പുതുതായി ആരംഭിച്ച ട്രേഡുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

ക്രമ നമ്പർ	ട്രേഡുകളുടെ പേര്	യൂണിറ്റുകളുടെ എണ്ണം	ആരംഭിച്ച വർഷം
1	ഡ്രാഫ്റ്റ്സ്മാൻ സിവിൽ	1	2012
		1	2013
2	ഫിറ്റർ	1	2014
		1	2013
3	വെൽഡർ	1	2014
4	മെക്കാനിക് മോട്ടോർ വെഹിക്കിൾ	1	2013
		1	2014
		1	2013
5	സർവ്വേയർ	1	2014

ഗവൺമെന്റ് ഐ.ടി.ഐ.

217 (T*2497) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച ഗവ. ഐ.റ്റി.ഐ. കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി ആരംഭിച്ച ഐ.ടി.ഐ.-കളിൽ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ഐ.ടി.ഐ.-യിൽ ജി.ഒ. (എം.എസ്)നം. 16/2016/തൊഴിൽ തീയതി 27-01-2016 പ്രകാരം 9 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പനമരം, കൊണ്ടോട്ടി, നരിപ്പറ്റ, എലുമ്പുലാശ്ശേരി (കരിമ്പുഴ) എന്നീ ഐ.ടി.ഐ.-കളിലെ തസ്തിക സൃഷ്ടിക്കൽ സംബന്ധമായി ടെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. കൊടുവള്ളി, ചടയമംഗലം, കൊഴിഞ്ഞാംപാറ എന്നീ ഐ.ടി.ഐ.-കളിൽ തസ്തിക സൃഷ്ടിക്കൽ സംബന്ധമായി ടെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ പരിശോധിച്ചുവെങ്കിലും ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയത് അംഗീകരിക്കുവാൻ കഴിഞ്ഞില്ല.

കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്

218 (2498) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന് രൂപം നൽകുകയും